**Sree Sankaracharya University of Sanskrit, Kalady**
**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**

തീയതി: 19.03.2026

# പ്രസിദ്ധീകരണത്തിന്

## 1. സംസ്കൃത സർവ്വകലാശാല : ടൈംടേബിൾ പ്രസിദ്ധീകരിച്ചു

ഒന്നും മൂന്നും സെസ്റ്റർ എഫ്. വൈ. യു. ജി. പി.(പുന:പരീക്ഷ), മൂന്നും അഞ്ചും സെമസ്റ്റർ ബി. എഫ്. എ.; മൂന്നാം സെമസ്റ്റർ എഫ്. വൈ. യു. ജി. പി; രണ്ടും മൂന്നും സെമസ്റ്റർ എം. എ./എം. എസ്. സി. സ്പെഷ്യൽ പരീക്ഷകൾ എന്നിവയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു.

## 2. സംസ്കൃത സർവ്വകലാശാലയിൽ 'ടു എർ...' 23ന് തുടങ്ങും

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലിലെ പെയിന്റിംഗ് വിഭാഗത്തിലെ അവസാന വർഷ ബി. എഫ്. എ, എം. എഫ്. എ. വിദ്യാർത്ഥികൾ സംഘടിപ്പിക്കുന്ന ചിത്ര-ശില്പ പ്രദർശനം ('ടു എർ...') കാലടി മുഖ്യ കാമ്പസിലെ ഫൈൻ ആർട്സ് ബ്ലോക്കിലും ശ്രീശങ്കരാചാര്യ ആർട്ട് ഗാലറിയിലുമായി മാർച്ച് 23ന് ആരംഭിക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. രാവിലെ 10ന് യൂട്ടിലിറ്റി സെന്ററിൽ സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ കൊച്ചി മുസിരിസ് ബിനാലെ സ്ഥാപകൻ റിയാസ് കോമു ചിത്ര-ശില്പ പ്രദർശനം ഉദ്ഘാടനം ചെയ്യും. പെയിന്റിംഗ് വിഭാഗം മേധാവി ഡോ. ടി. ജി. ജ്യോതിലാൽ അധ്യക്ഷനായിരിക്കും. സിൻഡിക്കേറ്റ് അംഗങ്ങളായ ആർ. അജയൻ, പ്രൊഫ. ലിസി മാത്യു എന്നിവർ ചേർന്ന് കാറ്റലോഗിന്റെ പ്രകാശനം നിർവ്വഹിക്കും. രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ് മുഖ്യ പ്രഭാഷണം നടത്തും. ഡോ. ആർ. ശർമ്മിള, കെ. കെ. കൃഷ്ണകുമാർ, ഡോ. സാജു തുരുത്തിൽ, നിഥിൻ മോഹൻ, നവ്യ നന്ദകുമാർ എന്നിവർ പ്രസംഗിക്കും.

അനന്ദേവ് മനോഹരൻ, സി. എസ്. വെങ്കിടേശ്വരൻ, സുരേഷ് മുതുകുളം, കെ. ആർ. പ്രസാദ്, അനൂപ് പി. രാജേന്ദ്രൻ, ഡോ. സുധീഷ് കോട്ടേമ്പ്രം, എം. ആർ. വിഷ്ണുപ്രസാദ്, മേഘ ശ്രേയസ്, എ. മുഹമ്മദ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. എല്ലാ ദിവസവും വൈകിട്ട് കലാ-സാംസ്കാരിക പരിപാടികൾ നടക്കും. പ്രവേശനം സൗജന്യമാണ്. പൊതു ജനങ്ങൾക്കും ചിത്ര-ശില്പ പ്രദർശനത്തിൽ പങ്കെടുക്കുവാൻ അവസരമുണ്ട്. പ്രദർശനം മാർച്ച് 30ന് സമാപിക്കും.

**ജലീഷ് പീറ്റർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ നം. 9447123075